# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.11401/19/എസ്റ്റ.സി

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി:09/03/2026

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് - ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിൽ വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 07/03/2026 ലെ ആർ.ഒ.സി.3429/24/എസ്റ്റ-4 നമ്പർ ബോർഡ് ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് പുതുക്കുന്നതിന്/ ആരംഭിക്കുന്നതിന് ഉത്തരവാകുന്നു.

- നിലവിൽ ഇൻഷ്വറൻസിൽ അംഗമായിരിക്കുന്നവർ https://tdb.securus.in എന്ന ലിങ്കിൽ നിലവിൽ നൽകിയിട്ടുള്ള മൊബൈൽ നമ്പർ ഉപയോഗിച്ച് പോളിസി പുതുക്കേണ്ടതാണ്. പേര് വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുള്ള പക്ഷം എഡിറ്റ് ഓപ്ഷൻ മുഖേന തിരുത്താവുന്നതാണ്. കൂടാതെ നിലവിൽ ചേർത്തിട്ടില്ലാത്ത കുടുംബാംഗങ്ങളുടെ പേര് വിവരങ്ങൾ പുതുതായി ചേർക്കാവുന്നതാണ്

- നിലവിൽ ഇൻഷ്വറൻസിൽ അംഗമല്ലാത്ത ജീവനക്കാർക്ക് https://new-registration-tdb.securus.in എന്ന ലിങ്കിൽ ലോഗിൻ ചെയ്ത ശേഷം പോളിസിയിൽ അംഗമാകാവുന്നതാണ്.

- പ്രൊഫൈലിൽ ആധാർ കാർഡ് പ്രകാരമുള്ള വിവരങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതും, ഒരു പ്രാവശ്യം മാത്രമേ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ സാധിക്കൂ എന്നതിനാൽ വിവരങ്ങൾ എല്ലാ ശരിയാണോ എന്ന് പരിശോധിച്ച ശേഷം മാത്രം Confirmation നൽകേണ്ടതും, തുടർന്ന് ബന്ധപ്പെട്ട വിവരങ്ങൾ ഇ-മെയിൽ ആയി ലഭിച്ചോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

- പ്രൊഫൈലിൽ നൽകുന്ന ഫോൺ നമ്പർ, E mail ID എന്നിവ മുഖാന്തിരമാണ് ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് തുടർന്നുള്ള സന്ദേശങ്ങൾ ലഭ്യമാകുക. ആകയാൽ സജ്ജീവമായ ഫോൺ നമ്പർ, E mail ID എന്നിവ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഭാഗമാകുന്ന ജീവനക്കാർ <u>21/03/2026 ന് വൈകുന്നേരം 5.00 മണിയ്ക്കകം</u> അവരുടെ വിവരങ്ങൾ നൽകേണ്ടതാണ്. ആയതിന്മേൽ ഇനി യാതൊരു കാരണവശാലും കാലാവധി നീട്ടിനൽകുന്നതല്ല.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2) ഐ.റ്റി സെക്ഷൻ
3) സെക്ഷൻ ഫയൽ

Jyo.09/03